# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3964** | **25.06.2014**-ൽ മറുപടിക്ക്

## 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസസ്"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; | (എ) ഉണ്ട് ഈ സ്ഥാപനത്തിന്റെ സെന്ററുകൾ തിരുവനന്തപുരത്തും ഷൊർണ്ണൂരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോട്ടയത്ത് ലയൺസ് ക്ലബ്ബുമായി സഹകരിച്ച് ഒരു ഔട്ട് റീച്ച് സെന്ററും പ്രവർത്തിക്കുന്നു. |
| (ബി) എങ്കിൽ ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ജന്മനായുള്ളതും അല്ലാത്തതുമായ ബുദ്ധി പരവും ഭാഷാപരവും നാഡീവ്യൂഹ സംബന്ധിയായ അസുഖങ്ങളായ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭാഷാ വൈകല്യം, പഠന വൈകല്യം, ശ്രവണ വൈകല്യം എന്നിവക്കും സാംക്രമികേ തര (Non communicable) മസ്തിഷ്ക-നാഡീവ്യൂഹ സംബന്ധിയായ രോഗ ങ്ങളായ മറവി രോഗം (Alzheimer's, Dementia), പക്ഷാഘാതം (Stroke), പക്ഷാഘാതത്തിന്റെ കൂടെ വരുന്ന |

സംയോജിത ചികിത്സാ മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

(സി) മസ്തിഷ്ക, നാഡീവ്യൂഹ സംബന്ധമായ ജനിതക വൈകല്യമുള്ളവരെ ചികിത്സിക്കാനും പുനരധിവസിപ്പിക്കാനുമായുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ടോ;

(സി) ഉണ്ട്.

(ഡി) ഇതിന്റെ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഐക്കോൺസിന് ഇപ്പോൾ 3 ജില്ലയിൽ സെന്ററുകൾ ഉണ്ട്. ജില്ല തോറും ചികിത്സാ-പുനരധിവാസ സെന്ററുകൾ വേണമെന്ന ആവശ്യം സജീവമാണ്. ഐക്കോൺസിന്റെ പ്രവർത്തനം സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്നത്, അടിസ്ഥാന സൗകര്യ വികസനവും മാനവശേഷിയും ആവശ്യമായ വളരെ സാമ്പത്തിക ബാധ്യത വരുന്ന കാര്യമായതിനാൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**